"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - ഇടുക്കി വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിലെ കാര്യാലയത്തിലെ ഉദ്യോഗസ്ഥർക്കെതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണം നടത്തുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ജോയിന്റ് ഡയറക്ടർ (അക്കാദമിക്) ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.931/2026/GEDN  തീയതി,തിരുവനന്തപുരം, 31-01-2026

---

പരാമർശം:-

1. കുറ്റാരോപിതർക്ക് സർക്കാർ നൽകിയ 17/02/2025-ലെ പൊ.വി-ഡിഎ1/162/2024/പൊ.വി.വ നമ്പർ കുറ്റപത്രം & കുറ്റാരോപണ പത്രിക/കാരണം കാണിക്കൽ നോട്ടീസ്
2. കുറ്റാരോപിതർ സമർപ്പിച്ച പ്രതിവാദ പത്രിക
3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 11/11/2025- ലെ ഡി.ജി.ഇ/20424/2024-വിബി1 നമ്പർ കത്ത്.

**ഉത്തരവ്**

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി 16/8/99-നും 31/12/2003-നുമിടയിൽ നിയമനം ലഭിച്ച 5 അംഗപരിമിതരെ (1.ശ്രീ.പികെ.രഘുനാഥൻ (Late), 2.ശ്രീമതി.സെൽവി. വി.വി., 3.ശ്രീമതി. സജിനി മാത്യു, 4.ശ്രീ.അരുൾ വർഗ്ഗീസ്, 5.ശ്രീമതി.ബീന മാത്യു എന്നിവർക്ക്) സൂപ്പർന്യൂമററി തസ്തികകളിൽ നിയമിക്കാതെ റെഗുലർ തസ്തികകളിലെ ഒഴിവുകളിൽ നിയമിക്കുകയും, അപ്രകാരം നിയമിച്ചതിന് ശേഷം ടിയാളുകളുടെ സർവീസ് റെഗുലറൈസ് ചെയ്യുകയും പ്രൊബേഷൻ പ്രഖ്യാപിക്കുകയും, സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ചെയതത് വഴി സർക്കാർ ഉത്തരവുകളിലെ (18/5/2013-ലെ സ.ഉ (പി) നം.40/13/സാ.നീ.വ, 07/08/2013-ലെ സ.ഉ(പി) നം.63/13/ സാ.നീ.വ, 03/02/2016-ലെ സ.ഉ (പി) നം.1/2016/സാ.നീ.വ എന്നീ ഉത്തരവുകൾ) നിർദേശങ്ങൾക്ക് ക്രമവിരുദ്ധമായി ഇടുക്കി വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിലെ ഉദ്യോഗസ്ഥർ നടപടികളെടുത്തതായി സർക്കാർ കണ്ടെത്തിയിരുന്നു.

2) തുടർന്ന് മേൽ വീഴ്ചയ്ക്ക് കാരണക്കാരായി കണ്ടെത്തിയ ഇടുക്കി വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റുമാരായ ശ്രീ.കെഎൻ.ശശിധരൻ, ശ്രീമതി. റ്റി.എം.ലൈല, ശ്രീ.ജോസ് ജോസഫ്, ശ്രീമതി. ശ്രീകലാദേവി സി.ആർ, സീനിയർ സൂപ്രണ്ടുമാരായ ശ്രീ.പി.എച്ച്.ഇസ്മായിൽ, ശ്രീമതി.ശോഭ.ആർ.നായർ, ക്ലാർക്കുമാരായ ശ്രീമതി.പി.എം. നസീമാബീഗം, ശ്രീ.പി.ആർ.വേണു, സെക്ഷൻ ക്ലാർക്ക്, എന്നിവർക്കെതിരെ കെ.എസ്.ആർ. ഭാഗം III

ചട്ടം 59(ഡി) പ്രകാരവും മറ്റൊരു അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായിരുന്ന ശ്രീ.ശശി.എ.ബി.യ്ക്കെതിരെ കെ.എസ്.ആർ. ഭാഗം III ചട്ടം 3(ബി) പ്രകാരവും, സർവീസിൽ തുടരുന്ന ശ്രീ.രാജേഷ് കുമാർ എസ്., ജൂനിയർ സൂപ്രണ്ട്, ശ്രീമതി.മേരി ജോസഫ്, സീനിയർ സൂപ്രണ്ട് എന്നിവർക്കെതിരെ 1960 ലെ കെസിഎസ് (സിസി&എ) ചട്ടം 15 പ്രകാരവും (ആകെ 11 ഉദ്യോഗസ്ഥർ) അച്ചടക്ക നടപടിയെടുക്കാൻ തീരുമാനമെടുത്ത് കാരണം കാണിക്കൽ നോട്ടീസ്/ കുറ്റപത്രം & കുറ്റാരോപണ പത്രികയും നൽകിയിരുന്നു.

3) മേൽ കാരണം കാണിക്കൽ നോട്ടീസ്/ കുറ്റപത്രം & കുറ്റാരോപണ പത്രിയിന്മേൽ കുറ്റാരോപതർ പരാമർശം (2) പ്രകാരം പ്രതിവാദ പത്രിക സമർപ്പിക്കുകയുണ്ടായി.ടി പ്രതിവാദപത്രികയിന്മേൽ പരാമർശം (3) പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ കുറ്റാരോപിതരുടെ ഭാഗത്തു നിന്നും സർക്കാർ ഉത്തരവ് പാലിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ടെന്ന് അഭിപ്രായപ്പെടുകയുണ്ടായി.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാമർശം (1) കാരണം കാണിക്കൽ നോട്ടീസ് /കുറ്റപത്രത്തിന്മേൽ കുറ്റാരോപിതർ സമർപ്പിച്ച പരാമർശം (2) പ്രതിവാദ പത്രികയിലെ വിശദീകരണം തൃപ്തികരമല്ലാത്തതിനാലും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശം (3) - ലെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലും ഇടുക്കി വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിലെ ഉദ്യോഗസ്ഥരായിരുന്ന ശ്രീ.കെഎൻ.ശശിധരൻ, ശ്രീമതി റ്റി.എം.ലൈല, ശ്രീ.ജോസ് ജോസഫ്, ശ്രീമതി ശ്രീകലാദേവി സി.ആർ, ശ്രീ.പിഎച്ച്.ഇസ്മായിൽ, ശ്രീമതി ശോഭ. ആർ.നായർ, ശ്രീമതി.പി.എം. നസീമാബീഗം, ശ്രീ.പി.ആർ.വേണു എന്നിവർക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി കെ.എസ്.ആർ. ഭാഗം III ചട്ടം 59(ഡി) പ്രകാരവും, ശ്രീ.ശശി.എ.ബി,യ്ക്കെതിരെ കെ.എസ്.ആർ. ഭാഗം III ചട്ടം 3(ബി) പ്രകാരവും, ശ്രീമതി.മേരി ജോസഫിനെതിരെ 1960 ലെ കെസിഎസ് (സിസി&എ) ചട്ടം 15 പ്രകാരംം ആരംഭിച്ച അച്ചടക്ക നടപടി ടിയാൾ 28/02/2025-ന് സർവീസിൽ നിന്നും വിരമിച്ചതിനാൽ കെ.എസ്.ആർ. ഭാഗം III ചട്ടം 3(എ) പ്രകാരവും, നിലവിൽ സർവീസിൽ തുടരുന്ന ശ്രീ.രാജേഷ് കുമാർ. എസ്-ന് എതിരെ 1960 ലെ കെസിഎസ് (സിസി&എ) ചട്ടം 15 പ്രകാരവുമുള്ള അച്ചടക്ക നടപടി തുടരുവാൻ തീരുമാനിക്കുകയും ആയതിന്റെ ഭാഗമായ ഔപചാരിക അന്വേഷണം (ജോയിന്റ് എൻക്വയറി) നടത്തുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ജോയിന്റ് ഡയറക്ടർ (അക്കാദമിക്) നെ ചുമതലപ്പെടുത്തി ഉത്തരവാകുകയും ചെയ്യുന്നു.

5) അന്വേഷണ ഉദ്യോഗസ്ഥൻ ഒരു മാസത്തിനകം റിപ്പോർട്ട് സർക്കാരിലേക്ക് ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു ആർ ആർ
ഡെപ്യൂട്ടി സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)

പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ജോയിന്റ് ഡയറക്ടർ (അക്കാദമിക്) (പരാമർശം (1) കുറ്റപത്രം & കുറ്റാരോപണ പത്രിക/കാരണം കാണിക്കൽ നോട്ടീസ്, പരാമർശം (2) പ്രതിവാദ പത്രിക എന്നിവയുടെ പകർപ്പുകൾ സഹിതം)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ (ഫയൽ നം.പൊവി-ഡി.എ1/162/2024/പൊ.വി.വ.)

ഉത്തരവിൻ പ്രകാരം
Signed by
Dhanya M B
സെക്ഷൻ ഓഫീസർ
Date: 02-02-2026 10:38:12

പകർപ്പ്:ബഹു.പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതു വിദ്യാഭ്യാസ സെക്രട്ടറിയുടെ പി.എ.യ്ക്ക്